(ബി) മേലിലേക്കായ ഈ ആവശ്യം സാധിക്കുവാൻ വല്ല നടപടിയും എടുക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: എന്തു നടപടിയാണിപ്പോൾ എടുത്തിരിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: താല്ക്കാലികമായി ഒരു ഷെഡ് പണിയുന്നതിനു പുറമെ സെൻട്രൽ സർവ്വീസിൽ നിന്നും വിദഗ്ദ്ധന്മാരുടെ ഒരു സംഘം പോയി പരിശോധിച്ചിട്ടുണ്ട്. അവിടെ പെർമനന്റായി ഒരു ഷെഡ് പണിയുന്നതാണ്.

സഹകരണസംഘങ്ങൾ

*ക്വ. ക്വ. വ്യ. (ക്വ. ന.)† ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ.—

(എ) ഈ സാമ്പത്തിക വർഷത്തിൽ എത്ര സഹകരണസംഘങ്ങൾ സമാപ്തീകരിക്കപ്പെട്ടിട്ടുണ്ട്;

(ബി) അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) പല സംഘങ്ങളും തൃപ്തികരമായി പ്രവർത്തിക്കുന്നില്ലെന്നുള്ള സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) അൻപത്.

(ബി) വളരെ കാലമായി യാതൊരു പ്രവർത്തനങ്ങളും ഇല്ലാത്തതുകൊണ്ട്.

(സി) ഉണ്ട്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: അങ്ങിനെ പ്രവർത്തനം നടത്തുന്നില്ലെന്നുള്ള സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിരുന്നോ?

ശ്രീ. സി. കേശവൻ: ഡിസ്ട്രിക്ട് മെൻഡിന്റെ ശ്രദ്ധയിൽപെട്ടിരുന്നു. ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിപ്പോഴാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ സാമ്പത്തിക വർഷത്തിൽ എത്രയെണ്ണം രജിസ്റ്റർ ചെയ്യിട്ടുണ്ടെന്നു പറയാമോ?

ശ്രീ. സി. കേശവൻ: അതിനു നോട്ടീസു വേണം.

ARATHINKAL-MARARIKULAM ROAD

*1188. [14] **Sri. Eapen Arakkal:** Will the Hon'ble Minister for Works and communication be pleased to state.—

(*a*) whether it has been brought to the notice of Government that the Arathinkal-Mararikulam road completed in 1122 M. E. is still unfit for through vehicle traffic on account of the absence of three bridges at Arathinkal, Chennavelli, and Chethy;

(*b*) whether repeated representations have been made for the immediate construction of these bridges;

† The question was put by Sri. Sebastian Thoppil, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly